അല്ലാഹുവിൽ സ്വീകാര്യമായ മതം ഇസ്‌ലാം മാത്രമാണ്, മു ഴുവൻ പ്രവാചകന്മാരും ലോകത്തെ പഠിപ്പിച്ച ദൈവിക മതം. ഏകദൈവാരാധനയാണ് അതിന്റെ അടിത്തറ. ആരാധനയുടെ മുഴുവൻ കാര്യങ്ങളും പ്രപഞ്ചനാഥനായ അല്ലാഹുവിന് സമർപ്പിക്കുന്നതിലൂടെ ഒരാൾക്ക് മുസ്‌ലിമായി തീരുവാൻ സാധിക്കും. ഇസ്‌ലാമിന്റെ പൂർത്തീകരണം പ്രവാചകൻ(സ)യി ലൂടെയാണ് പൂർത്തീകരിക്കപ്പെട്ടത്. ഇനി അവസാന നാൾ വരെയുള്ള മുഴുവൻ മനുഷ്യരും ജീവിക്കേണ്ടത് മുഹമ്മദ് ന ബി(സ)യിലൂടെ പൂർത്തീകരിക്കപ്പെട്ട ഇസ്‌ലാമിക നിയമങ്ങൾക്കനുസരിച്ചാണ്. അതിന്റെ പ്രമാണങ്ങളാണ് വിശുദ്ധഖുർ ആനും തിരുസുന്നത്തും. ഇസ്‌ലാമിന്റെ അടിത്തറ ഏകദൈ വാരാധനയാണെന്ന് നാം പറഞ്ഞുവല്ലോ? അതെ, തൗഹീദ് എന്ന തത്വം പഠിപ്പിക്കുവാനാണ് മുഴുവൻ പ്രവാചകന്മാരും ഈ ലോകത്തേക്ക് വന്നത്. അതിൽ അവസാനത്തെ പ്രവാചകനായ മുഹമ്മദ്(സ)യും ഈ തൗഹീദ് തന്റെ ജനതയെ പഠിപ്പിച്ചു. മക്കയിൽ പതിമൂന്ന് വർഷം വളരെ പ്രയാസങ്ങൾ സഹിച്ച്, പീഢനങ്ങൾ അനുഭവിച്ച് തൗഹീദിലേക്ക് തന്റെ ജന തയെ ക്ഷണിച്ചു, പക്ഷേ, ജനത അദ്ദേഹത്തിന് പകരം നൽകിയത് അക്രമവും, ശകാരവും, ആക്ഷേപവും, പരിഹാസവു മായിരുന്നു. ശത്രുക്കൾ പീഢനങ്ങൾ കൊണ്ടും, പ്രീണനങ്ങൾ കൊണ്ടും അദ്ദേഹത്തെ അതിൽ നിന്ന് പിന്തിരിപ്പിക്കുവാൻ പരമാവധി ശ്രമിച്ചു. പക്ഷേ, അതെല്ലാം സഹിച്ച് തന്റെ ദൗത്യവുമായി മുന്നോട്ട് പോയി. അവസാനം സഹിക്കവയ്യാതെ പ്രവാചകൻ(സ)സ്വന്തം ജന്മനാട് ഉപേക്ഷിക്കുവാൻ അല്ലാഹു വിന്റെ അനുമതിയോടെ തീരുമാനിച്ചു. അങ്ങനെ സുപ്രധാന മായ ഹിജ്റ; മക്കയിൽ നിന്നും മദീനയിലേക്കുള്ള പാലായനം സംഭവിച്ചു. അങ്ങനെ അല്ലാഹു തന്നിൽ ഏൽപിച്ച ഉത്തരവാദിത്വ നിർവ്വഹണവുമായി നബി(സ) മദീനയിൽ കഴിഞ്ഞ് കൂടി.

യുദ്ധത്തിനുള്ള കാരണം:

മക്കക്കാർ സാധാരണയായി ശാമിലേക്ക് കച്ചവടത്തിനായി പോകാറുണ്ട്. അവർ കച്ചവടം കഴിഞ്ഞ് ലാഭവുമായി മടങ്ങി വരുന്ന സമയമായപ്പോൾ പ്രവാചകൻ(സ) ത്വൽഹബ്നു ഉബൈദില്ലാഹ്(റ), സഈദ്ബ്നു സൈദ്(റ) എന്നിവരെ കച്ചവട സംഘത്തെ നിരീക്ഷിക്കുവാനായി നിയോഗിച്ചു. അങ്ങിനെ അബൂസുഫ്യാൻ കച്ചവട സംഘവുമായി മടങ്ങി വരുന്നത് കണ്ടയുടനെ അവർ പ്രവാചകന്റെയടുത്ത്പോയി വിവരം അറിയിച്ചു. കച്ചവട സംഘത്തോടൊപ്പം പ്രത്യേകിച്ച് കാവൽക്കാരൊന്നുമില്ല, ഏകദേശം നാൽപതാളുകൾ മാത്രമേയുള്ളൂ. ആയിരത്തോളം വരുന്ന മൃഗങ്ങളുടെ പുറത്തായിരുന്നു അവരുടെ ചരക്കുകൾ വഹിച്ചിരുന്നത്. ഈ ചരക്കുകളെല്ലാം മക്കയിലെത്തിയാൽ അവർ അതെല്ലാം ഉപയോഗിച്ച് പ്രവാചകനെയും മുസ്‌ലീങ്ങളെയും ഉപദ്രവിക്കുമെന്ന് മനസിലാക്കിയ പ്രവാചകൻ തന്റെ അനുചരന്മാരോട് അവ പിടിച്ചെടുക്കുവാൻ കൽപിച്ചു. അങ്ങിനെ മുസ്‌ലീങ്ങൾ ഒരുങ്ങി പുറപ്പെട്ടപ്പോഴേക്ക് അബൂസുഫ്യാനും കൂട്ടുകാരും മറ്റൊരു വഴിയിലൂടെ മക്കയിലേക്ക് രക്ഷപ്പെടുകയും ചെയ്തു. പക്ഷേ, മുസ്‌ലീങ്ങളോട് പകരം വീട്ടണമെന്ന ഉറച്ച തീരുമാനത്തിൽ അവർ സൈന്യം തയ്യാറാക്കുകയും മദീനയിലേക്ക് പുറപ്പെടുകയും ചെയ്തു. ഇത് മനസിലാക്കിയ പ്രവാചകനും സ്വഹാബികളും അവരെ നേരിടുവാനായി ഒരുങ്ങുകയും ചെയ്തു. ഇങ്ങനെയാണ് ബദ്റ് യുദ്ധം ഉണ്ടാകുന്നത്.

സൈന്യങ്ങൾ:

മുസ്‌ലിം സൈന്യം ഏകദേശം 319 (313, 314, 317 എന്നിങ്ങനെ അഭിപ്രായ വ്യത്യാസമുണ്ട്) പേരായിരുന്നു. അവരുടെ കൂടെ ഒന്നോ രണ്ടോ കുതിരയും, 70 ഒട്ടകങ്ങളുമുണ്ടായിരുന്നു. മൂന്നാളുകളായിരുന്നു ഓരോ വാഹനങ്ങളുടെയും പുറത്ത് മാറി മാറി സഞ്ചരിച്ചിരുന്നത്. പ്രവാചകൻ(സ)യും, അലി(റ)വും, മർഥദ്ബ്നുമർഥദും(റ) ഒരു മൃഗത്തെ വാഹനമായി ഉപയോഗിച്ചു.

മുശ്‌രിക്കുകളുടെ സൈന്യംഏകദേശം 1300 ആയിരുന്നു. അവരോടൊപ്പം 100 കുതിരകളും, 600 പടയങ്കിയും, ധാരാളം ഒട്ടകങ്ങളും ഉണ്ടായിരുന്നു. സൈന്യത്തിന് പൊതുവായ നേതൃത്വം നൽകിയത് അബൂജഹ്ല് ആയിരുന്നു.

എന്തിന് യുദ്ധം നടന്നു?

യഥാർത്ഥത്തിൽ നാം മനസിലാക്കേണ്ടത് എന്തിന് വേണ്ടിയാ ണ് ബദ്റ് യുദ്ധം നടന്നത് എന്നാണ്? ഒരു രാഷ്ട്രം പിടിച്ചെടുക്കുവാനോ, രാജാവാകുവാനോ, സമ്പത്ത് പിടിച്ചെടുക്കുവാനോ അല്ല. മറിച്ച് അല്ലാഹുവിനെ മാത്രമെ നിങ്ങൾ ആരാധിക്കുവാൻ പാടുള്ളൂ എന്ന ശുദ്ധമായ തൗഹീദിന്റെ വചനം മക്കയിൽ പതിമൂന്ന് വർഷം പ്രബോധനം ചെയ്തപ്പോൾ ശത്രുക്കൾക്ക് ഉൾകൊള്ളുവാൻ കഴിഞ്ഞില്ല, ഈ ആശയത്തെ തകർക്കുവാനായി അവർക്ക് കഴിയുന്ന രൂപത്തിൽ എല്ലാം തടഞ്ഞ് നോക്കി. അങ്ങിനെ പ്രവാചകനും സ്വഹാബികളും തങ്ങളുടെ പ്രബോധന ദൗത്യവുമായി സുരക്ഷിത താവളമായ മദീനയിലേക്ക് ഹിജ്റ വന്നു. അവിടെയും തൗഹീദിനെതിരിലുള്ള അക്രമത്തിന് ഒരുങ്ങി വന്ന മുശ്‌രിക്കുകളോടാണ് പ്രവാചകനും അനുയായികളും ഈമാനിന്റെ ശക്തികൊണ്ട്, പടപൊരുതിയത്. അബൂജഹ്ല് കഅബയുടെ ഖില്ല പിടിച്ച് കൊണ്ട് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത് നമുക്ക് ചരിത്ര ഗ്രന്ഥങ്ങളിൽ കാണാം. അദ്ദേഹം പ്രാർത്ഥിക്കുന്നത്: 'അല്ലാഹുവെ ബദ്റിന്റെ താഴ്‌വരയിൽ സത്യത്തിന്റെ ആളുക ളെ നീ വിജയിപ്പിക്കേണമേ' എന്നായിരുന്നു. ഇവിടെ അബൂജഹ്ല് പ്രാർത്ഥിച്ചത് അല്ലാഹുവിനോടാണ്. എന്നാൽ മറ്റുള്ള സന്ദർഭങ്ങളിൽ അവർ അല്ലാഹുവല്ലാത്തവരോടും പ്രാർത്ഥിച്ചിരുന്നു, നേർച്ചയും വഴിപാടുകളും അർപ്പിച്ചിരുന്നു. എന്നാ ൽ അല്ലാഹുവിന്റെ റസൂലും, സ്വഹാബികളും പറയുന്നത് അല്ലാഹുവിന് മാത്രമെ ആരാധനകൾ അർപ്പിക്കാവൂ, അവനോട് മാത്രമെ നിങ്ങൾ പ്രാർത്ഥിക്കാവൂ എന്നാണ്. ഈ രണ്ട് വിശ്വാസങ്ങളാണ് ബദ്റിന്റെ താഴ്‌വരയിൽ ഏറ്റുമുട്ടിയത്. അല്ലാഹുവും, പ്രവാചകന്മാരും പഠിപ്പിച്ച തൗഹീദ് ഉൾകൊണ്ട മുഹമ്മദ്(സ)ക്കും സ്വഹാബികൾക്കുമാണ് അവിടെ അല്ലാഹുവിന്റെ സഹായമുണ്ടായത് വിജയമുണ്ടായത്. അത ല്ലാതെ ആയുധ ബലം കൊണ്ടോ, സംഘ ബലം കൊണ്ടോ അല്ല ബദ്റിൽ മുസ്‌ലീങ്ങൾക്ക് വിജയം ഉണ്ടായത്. തൗഹീദി ന്റെ തെളിമയാർന്ന വിശ്വാസമെന്ന ആയുധം അവരുടെ മനസുകളിൽ രൂഢമൂലമായപ്പോൾ ആ വിശ്വാസത്തെ ശത്രുക്കളുടെ സംഘബലത്തിനോ, ആയുധ ബലത്തിനോ അതിജയിക്കുവാൻ സാധിച്ചില്ല. ഇതാണ് സത്യം. അല്ലാഹുവിനോട് മാത്രം വിളിച്ച് പ്രാർത്ഥിക്കുന്നവരും, അല്ലാഹുവിനോടു കൂടെ മറ്റു ള്ളവരോടും പ്രാർത്ഥിച്ചിരുന്നവരും തമ്മിലാണ് ബദ്റ് യുദ്ധം നടന്നത്.

അബൂജഹ്ൽ പ്രാർത്ഥിക്കുന്നു:

(عَنْ عَبْدِ اللَّهِ بْنِ ثَعْلَبَةَ بْنِ صُعَيْرٍ أَنَّ أَبَا جَهْلٍ قَالَ: حِينَ الْتَقَى الْقَوْمُ اللَّهُمَّ أَقْطَعَنَا الرَّحِمَ وَآتَانَا بِمَا لاَ نَعْرِفُهُ فَأَحْنِهِ الْغَدَاةَ ...) (أحمد)

അബ്ദുല്ലാഇബ്നു ഥഅ്‌ലബബ്നു സ്വുഐറിൽ നിന്നും നിവേദനം: അബൂജഹ്ൽ രണ്ട് സൈന്യങ്ങളും നേർക്കുനേർ കണ്ട് മുട്ടിയപ്പോൾ പറയുകയുണ്ടായി: 'അല്ലാഹുവെ, അവൻ ഞങ്ങളുടെ കുടുംബ ബന്ധം മുറിച്ചിരിക്കുന്നു, ഞങ്ങൾക്കറി യാത്ത ഒരു കാര്യമാണവൻ കൊണ്ടുവന്നിരിക്കുന്നത്, അത് കൊണ്ട് അവനെ നാളെ പ്രഭാതത്തിൽ നീ നിന്ദിക്കേണമേ...' (അഹ്മദ്) അബൂജഹ്ൽ അല്ലാഹുവിനോടാണ് ഈ സന്ദർഭത്തിൽ പ്രാർത്ഥിക്കുന്നത് എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

പ്രവാചകൻ(സ) പ്രാർത്ഥിക്കുന്നു:

(عُمَرُ بْنُ الْخَطَّابِ قَالَ لَمَّا كَانَ يَوْمُ بَدْرٍ نَظَرَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ إِلَى الْمُشْرِكِينَ وَهُمْ أَلْفٌ وَأَصْحَابُهُ ثَلاَثُ مِائَةٍ وَتِسْعَةَ عَشَرَ رَجُلاً فَاسْتَقْبَلَ نَبِيُّ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ الْقِبْلَةَ ثُمَّ مَدَّ يَدَيْهِ فَجَعَلَ يَهْتِفُ بِرَبِّهِ اللَّهُمَّ أَنْجِزْ لِي مَا وَعَدْتَنِي اللَّهُمَّ آتِ مَا وَعَدْتَنِي اللَّهُمَّ إِنْ تُهْلِكْ هَذِهِ الْعِصَابَةَ مِنْ أَهْلِ الإِسْلاَمِ لاَ تُعْبَدْ فِي الأَرْضِ فَمَا زَالَ يَهْتِفُ بِرَبِّهِ مَادًّا يَدَيْهِ مُسْتَقْبِلَ الْقِبْلَةِ حَتَّى سَقَطَ رِدَاؤُهُ عَنْ مَنْكِبَيْهِ فَأَتَاهُ أَبُو بَكْرٍ فَأَخَذَ رِدَاءَهُ فَأَلْقَاهُ عَلَى مَنْكِبَيْهِ ثُمَّ الْتَزَمَهُ مِنْ وَرَائِهِ وَقَالَ يَا نَبِيَّ اللَّهِ كَفَاكَ مُنَاشَدَتُكَ رَبَّكَ فَإِنَّهُ سَيُنْجِزُ لَكَ مَا وَعَدَكَ فَأَنْزَلَ اللَّهُ عَزَّ وَجَلَّ (إِذْ تَسْتَغِيثُونَ رَبَّكُمْ فَاسْتَجَابَ لَكُمْ أَنِّي مُمِدُّكُمْ بِأَلْفٍ مِنَ الْمَلاَئِكَةِ مُرْدِفِينَ) فَأَمَدَّهُ اللَّهُ بِالْمَلاَئِكَةِ ...) (مسلم)

ഉമറുബ്നുൽ ഖത്വാബ്(റ) പറഞ്ഞു: ബദ്റ് യുദ്ധ ദിവസം പ്രവാചകൻ(സ) മുശ്‌രിക്കുകളുടെ സൈന്യത്തെ നോക്കി, അവർ ആയിരത്തോളം പേരും, തിരുമേനിയും കൂട്ടുകാരും 319 പേരുമായിരുന്നു. അങ്ങിനെ പ്രവാചകൻ(സ) ഖിബ്‌ലയിലേക്ക് മുന്നിട്ട് തന്റെ രണ്ട് കൈകളും നീട്ടി റബ്ബിനോട് പ്രാർത്ഥിക്കുകയാണ്. 'അല്ലാഹുവെ നീ എനിക്ക് വാഗ്ദാനം നൽകി യത് പൂർത്തീകരിച്ച് തരേണമേ, അല്ലാഹുവെ എനിക്ക് നീ വാഗ്ദാനം നൽകിയത് നീ നൽകേണമേ, അല്ലാഹുവെ ഇസ് ലാമിന്റെ ഈ കൊച്ചു സംഘത്തെ നീ നശിപ്പിക്കുകയാണെങ്കിൽ ഈ ഭൂമിയിൽ കൃത്യമായ രൂപത്തിൽ നീ ആരാധിക്കപ്പെടുകയില്ല'. കൈകൾ നീട്ടി ഖിബ്‌ലയിലേക്ക് മുന്നിട്ട് കൊണ്ട് പ്രാർത്ഥിച്ച് കൊണ്ടേയിരുന്നു, തന്റെ ചുമലിലുണ്ടായിരുന്ന തട്ടം വരെ താഴെ വീഴുകയുണ്ടായി, അബൂബക്കർ(റ) വന്ന് അത് തിരുമേനിയുടെ ചുമലിലേക്ക് തന്നെ വെക്കുകയും, പിന്നിൽ തന്നെ നിന്ന്കൊണ്ട് പറയുകയുണ്ടായി: 'അല്ലാഹുവിന്റെ തിരുദൂതരെ, താങ്കളുടെ രക്ഷിതാവിനോടുള്ള സംസാരം മതിയാക്കുക, തീർച്ചയായും അല്ലാഹു താങ്കൾക്ക് വാഗ്ദാനം നൽകിയിട്ടുള്ളത് നൽകുകതന്നെ ചെയ്യുന്നതാണ്". അപ്പോഴാണ് ഈ ആയത്ത് ഇറങ്ങിയത്: 'നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് സഹായം തേടിയിരുന്ന സന്ദർഭം (ഓർക്കുക), തുടരെ തുടരെയായി ആയിരം മലക്കുകളെ അയച്ചു കൊണ്ട് ഞാൻ നിങ്ങൾക്ക്

സഹായം നൽകുന്നതാണ് എന്ന് അവൻ അപ്പോൾ നിങ്ങൾക്ക് മറുപടി നൽകി' (8:9) 'അല്ലാഹു മലക്കുകളെ ഇറക്കി കൊണ്ട് തിരുമേനിയെ സഹായിച്ചു...' (മുസ്‌ലിം)

അല്ലാഹുവിനോട് മാത്രം പ്രാർത്ഥിച്ചവർക്കാണ് ബദ്റിൽ വിജയവും, അല്ലാഹുവിന്റെ സഹായവും ലഭിച്ചത്. ബദ്റിൽ പങ്കെടുത്തവർക്കാണ് ബദ്‌രീങ്ങളെന്ന് പറയുന്നത്, അവർ അല്ലാഹുവിനോട് മാത്രമാണ് പ്രാർത്ഥിച്ചിരുന്നത്. എന്നാൽ ഖേദകരമെന്ന് പറയട്ടെ, ഈ ബദ്‌രീങ്ങളോട് തന്നെ വിളിച്ച് പ്രാർത്ഥിക്കുന്ന ദാരുണമായ അവസ്ഥയിലേക്ക് മുസ് ലിം സമൂഹം അധഃപതിച്ചിരിക്കുന്നു. ബദ്‌രീങ്ങളുടെ പേരിൽ മൗലൂദ് ഉണ്ടാക്കുകയും, അതിലൂടെ അവരോട് വിളിച്ച് പ്രാർത്ഥിക്കുകയും, അവരുടെ നാമങ്ങളാണ് എന്ന് പറഞ്ഞ് കുറേ നാമങ്ങൾ കെട്ടിയുണ്ടാക്കുകയും, അത് കടകളിൽ തൂക്കി വെച്ച്കൊണ്ട് അനുഗ്രഹം തേടുകയും ചെയ്യുന്നു. ബദ്റ് യുദ്ധത്തിന് ശേഷം പ്രവാചകനോ, സ്വഹാബത്തോ ഇങ്ങനെ ചെയ്തിട്ടുണ്ടോ? ഒരിക്കലുമില്ല. അല്ലാഹുവല്ലാത്തവരോട് പ്രാർത്ഥിച്ചാൽ അവന് ഇസ്‌ലാമിൽ സ്ഥാനമില്ല. അത് പ്രവാചകന്മാരോടോ, സ്വഹാബാക്കളോടൊ, ബദ്‌രീങ്ങളോടോ ആരോടായിരുന്നാലും ശരി, അത് ശിർക്കാണ്. ശിർക്ക് ചെയ്യുന്നവന് ഇസ്‌ലാമിൽ സ്ഥാനമില്ലായെന്ന് നാം ഓർക്കുക. ഇസ്‌ലാമിക പ്രമാണങ്ങൾ അത്നമ്മെ പഠിപ്പിക്കുന്നു.

ബദ്ർ മൗലൂദ്:

ആരോ കെട്ടിയുണ്ടാക്കിയ ബദ്റ് മാലയിൽ നമുക്ക് ഇങ്ങനെ കാണാവുന്നതാണ്.

'യല്ലാ ബലാലും ആഫത്തും – എടങ്ങേറുകൾ മുസ്വീബത്തും
ബദ്‌റീങ്ങളെ ബറക്കത്തിനാൽ – എമെയ് കാക്കണം യാ റബ്ബനാ
ദണ്ണം വബാ വസൂരിയും – മറ്റുള്ള ദീനം അടങ്കലും
ബദ്‌രീങ്ങളെ ബറക്കത്തിനാൽ – ശിഫയാക്കണം യാ റബ്ബനാ
ദാഹം മൗതദ് കൂട്ടിടും – ഇബിലെസ് കൂസിനെ കാട്ടിടും
നേരം ലഈൻ അവനെ ആട്ടുവാൻ – ബദ്‌രീങ്ങളാൽതുണ റബ്ബനാ'

'ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും, വിപത്തുകളും ഉണ്ടാകുമ്പോൾ ബദ്‌രീങ്ങളുടെ ബർകത്തിനാൽ അല്ലാഹുവെ ഞങ്ങളെ അതിൽ നിന്ന് നീ കാക്കേണമേ. വസൂരി, കോളറ, മറ്റു രോഗങ്ങൾ വരുമ്പോൾ ബദ്‌രീങ്ങളുടെ ബർക്കത്തിനാൽ ഞങ്ങളുടെ രോഗം ശിഫയാക്കണമേ ഞങ്ങളുടെ രക്ഷിതാവെ. മരണം വന്നത്തുന്ന സമയത്ത് ശല്യമുണ്ടാക്കുന്ന ശപിക്കപ്പെട്ട പിശാചിനെ ആട്ടുവാൻ ബദ്‌രീങ്ങളുടെ തുണ നൽകേണമേ ഞങ്ങളുടെ രക്ഷിതാവെ. എന്നതാണ് ഈ ബൈത്തിന്റെ ആശയം. ഇവിടെ ബദ്‌രീങ്ങളുടെ ബർക്കത്തിനാൽ ഞങ്ങളെ നീ രക്ഷിക്കേണമേ എന്നാണ് പ്രാർത്ഥിക്കുന്നത്. ഇങ്ങനെയൊരു പ്രാർത്ഥന പ്രവാചകനോ, സ്വഹാബികളോ പ്രാർത്ഥിച്ചിട്ടുണ്ടോ? ഒരിക്കലുമില്ല. ബദ്‌രീങ്ങളുടെ നേതാവല്ലയോ പ്രവാചകൻ. ആ പ്രവാചകൻ നമുക്ക് അങ്ങിനെയുള്ള ഒരു പ്രാർത്ഥന പഠിപ്പിച്ച് തന്നിട്ടുണ്ടോ? ഒരിക്കലുമില്ല. ഇത് അപകടകരമായ കാര്യമാണ്. മതത്തിൽ നിന്ന് തന്നെ പുറത്താക്കുന്ന ശിർക്കിലേക്ക് എത്തിക്കുന്നതുമാണ്.

ബദ്റ് യുദ്ധം കഴിഞ്ഞിട്ട് പ്രവാചകനും സ്വഹാബികളും എത്രമാത്രം പ്രയാസങ്ങളും, ബുദ്ധിമുട്ടുകളുമാണ് അഭിമുഖീകരിച്ചത്, ഏതെങ്കിലും സന്ദർഭത്തിൽ അവർ അല്ലാഹുവിനെയല്ലാതെ വിളിച്ച് പ്രാർത്ഥിച്ചുവോ, ഒരിക്കലുമില്ല, പ്രവാചകന്നും സ്വഹാബികൾക്കും രോഗം വന്നില്ലേ, ആ സന്ദർഭത്തിൽ അവർ ബദ്‌രീങ്ങളോട് വിളിച്ച് പ്രാർത്ഥിച്ചുവോ? ഒരിക്കലുമില്ല, മാത്രമല്ല, ബദ്‌രീങ്ങളിൽ പെട്ട ഒരുപാട് സ്വഹാബികൾ വസൂരിയും, കോളറയും പിടിപെട്ടാണ് മരിച്ചതെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. സ്വശരീരത്തിന് വരുന്ന രോഗങ്ങൾ തടുക്കുവാൻ ബദ്‌രീങ്ങൾക്ക് സാധ്യമല്ലായെങ്കിൽ പിന്നെയെങ്കിനെ നമുക്ക് വസൂരിയും കോളറയും മറ്റും വരുമ്പോൾ അവരോട് നാം പ്രാർത്ഥിക്കും? ചിന്തിക്കുക.

കടം വീടുവാനും, ലാഭമുണ്ടാകുവാനും വേണ്ടി കടകളിലും, വീടുകളിലും ബദ്‌രീങ്ങളുടെ പേരുകൾ തകിടിലും മറ്റും എഴുതി തൂക്കിയിടുന്ന അന്ധവിശ്വാസം ചിലർക്കിടയിൽ കാണാവുന്നതാണ്. നാം ഒന്ന് മനസിലാക്കേണ്ടത്, ബദ്‌രീങ്ങളുടെ നേതാവായ റസൂലുല്ലാഹ് (സ)യുടെ അവസ്ഥ നാം ശരിക്കും കണ്ടറിയുക. തിരുമേനി മരിച്ചപ്പോൾ തനിക്കുണ്ടായിരുന്ന ഒരു പടയങ്കി കുറച്ച് ഗോതമ്പിന് വേണ്ടി ഒരു ജൂതന്റെ കയ്യിൽ പണയത്തിലായിരുന്നുവെന്ന സംഭവം അറിയുന്നവർക്ക് എങ്ങിനെ ഈ കാര്യം ചെയ്യാൻ സാധിക്കും. തിരുമേനി(സ) മരിക്കുന്നതിന്റെ ഒരു ദിവസം മുമ്പ് വീട്ടിൽ വിളക്ക് കത്തിക്കുവാൻ എണ്ണയില്ലാഞ്ഞിട്ട് അടുത്ത വീട്ടിൽ നിന്ന് കടം വാങ്ങിയിട്ടാണ് വിളക്ക് കത്തിച്ചതെന്ന് നമ്മുടെയെല്ലാം ഉമ്മയായ പ്രവാചക പത്നി ആയിശാ(റ) പറയുന്ന സംഭവം ഹദീസ് ഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. അതുപോലെ പാകം ചെയ്യുവാൻ ഒന്നുമില്ലാഞ്ഞിട്ട് ഒന്നോ രണ്ടോ മാസം വരെ തിരുമേനി(സ)യുടെ വീട്ടിലെ അടുപ്പിൽ നിന്ന് പുകയുയർന്നിരുന്നില്ലെന്ന് പ്രവാചക പത്നിമാരും നമ്മുടെ ഉമ്മമാരുമായവർ നമ്മെ പഠിപ്പിക്കുന്നത് കാണാം. പിന്നെയെങ്കിനെ നാം നമ്മുടെ കടം വീടുവാനായി ബദ്‌രീങ്ങളുടെ പേര് കെട്ടിതൂക്കിയിടും? അപ്പോൾ ഇസ്‌ലാം ദീനിനെ സ്നേഹിക്കുന്ന, മുത്ത് നബിയുടെയും സ്വഹാബത്തിന്റെയും പാത പിൻപറ്റുന്നവർക്ക് ഒരിക്കലും ഈ ബദ്ർ മാല പാരായണം ചെയ്യാൻ സാധ്യമല്ല.

ആയതിനാൽ ഈ അക്ഷരങ്ങൾ വായിക്കുന്ന മുസ്‌ലിം സഹോദരങ്ങളെ, ബദ്‌രീങ്ങളോട് പ്രാർത്ഥിക്കുവാനോ ബദ്ർ യുദ്ധം നടന്ന പരിശുദ്ധ റമളാൻ മാസത്തിൽ ബദ്‌രീങ്ങളുടെ ആണ്ട് കഴിക്കുവാൻ നമുക്ക് യാതൊരു തെളിവുമില്ല. ഇസ്‌ലാമിന്റെ തൗഹീദിന് വേണ്ടിയാണ് മുത്ത്നബിയും, സ്വഹാബത്തും മുശ്‌രിക്കുകളോട് പടവെട്ടിയത്. അത്കൊണ്ട് തന്നെ ബദ്‌രീങ്ങളോട് സ്നേഹമുള്ളവർ ബദ്ർ മൗലൂദല്ല കഴിക്കേണ്ടത്, മറിച്ച് അവർ ഏതൊരു ആദർശമാണോ സ്വീകരിച്ചത് ആ ആദർശം സ്വീകരിക്കുകയും, ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും, വിപത്തുകളും അഭിമുഖീകരിച്ചപ്പോൾ ആരോടായിരുന്നുവോ അവർ പ്രാർത്ഥിച്ചിരുന്നത്, അവനോട് മാത്രം നാമ്മളും പ്രാർത്ഥിക്കുകയും ചെയ്യുക. ഇത്കൊണ്ട് മാത്രമേ ബദ്‌രീങ്ങൾ പോകുന്ന സ്വർഗത്തിൽ നമുക്കും പ്രവേശിക്കുവാൻ സാധിക്കുകയുള്ളൂ. അല്ലാഹു നമ്മെയെല്ലാവരെയും ബദ്‌രീങ്ങൾ സ്വീകരിച്ച വിശ്വാസം സ്വീകരിക്കുവാനും, അവർ പോകുന്ന ജന്നാത്തുൽ ഫിർദൗസിൽ പോകുവാനും അനുഗ്രഹിക്കുമാറാവട്ടെ. ആമീൻ

المكتب التعاوني للدعوة والإرشاد وتوعية الجاليات بالجبيل

ബദ്റിന്റെ സന്ദേശം

തയ്യാറാക്കിയത്:
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

غزوة بدر الكبرى
عبر وصور

اعداد :
سيد سعفر صادق